"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**<u>സംഗ്രഹം</u>**

വിനോദസഞ്ചാര വകുപ്പ് – സംസ്ഥാനതല ഓണാഘോഷങ്ങൾ 2026 – തൃപ്പൂണിത്തുറ അത്തച്ചമയവുമായി ബന്ധപ്പെട്ട ഓണാഘോഷ പരിപാടികൾക്ക് സാമ്പത്തിക സഹായം അനുവദിച്ച് – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.393/2026/TSM തീയതി,തിരുവനന്തപുരം, 20-08-2026

---

പരാമർശം:-

1. ശ്രീ.ദീപക് ജോയ്, എം.എൽ.എ.(തൃപ്പൂണിത്തുറ)-യുടെ 29.06.2026 തീയതിയിലെ കത്ത്.
2. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 11.08.2026 തീയതിയിലെ DOT/3862/2026-M1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2026-ലെ സംസ്ഥാനതല ഓണാഘോഷത്തിന്റെ ഭാഗമായി ചരിത്രപ്രസിദ്ധമായ തൃപ്പൂണിത്തുറ അത്തച്ചമയവുമായി ബന്ധപ്പെട്ട ഓണാഘോഷ പരിപാടികൾക്ക് വിനോദസഞ്ചാര വകുപ്പിൽ നിന്നും ധനസഹായം അനുവദിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ, വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2026 ആഗസ്റ്റ് 16-ന് (അത്തം നാളിൽ) തൃപ്പൂണിത്തുറയിൽ നടക്കുന്ന വിപുലമായ അത്തച്ചമയ ആഘോഷങ്ങളോടെയാണ് സംസ്ഥാനത്തെ ഓണാഘോഷങ്ങൾക്ക് ഔപചാരികമായി തുടക്കമാകുന്നത്. ഒരാഴ്ച നീണ്ടുനിൽക്കുന്ന സാംസ്കാരിക പരിപാടികളും മത്സരങ്ങളും ഘോഷയാത്രയും ഇതിന്റെ ഭാഗമാണ്, തൃപ്പൂണിത്തുറ നഗരസഭയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന തൃപ്പൂണിത്തുറ അത്തച്ചമയവുമായി ബന്ധപ്പെട്ട ഓണാഘോഷ പരിപാടികൾക്ക് "3452-80-104-99-00-00-01-P-V-വിവിധ ഉത്സവങ്ങളുടേയും സാംസ്കാരിക പരിപാടികളുടേയും പരിപോഷണം (Plan)" എന്ന ശീർഷകത്തിൽ നിന്നും **₹**5,00,000/-(അഞ്ച് ലക്ഷം രൂപ മാത്രം) ധനസഹായം അനുവദിക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

3) ധനസഹായമായി അനുവദിച്ച തുകയുടെ ഓഡിറ്റ് ചെയ്ത വിനിയോഗ സർട്ടിഫിക്കറ്റ്, തുക കൈപ്പറ്റിയ തീയതി മുതൽ മൂന്നു മാസത്തിനകം തൃപ്പൂണിത്തുറ നഗരസഭ ചെയർപേഴ്സൺ വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതും, അതിന്റെ ആധികാരികത വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രാകേഷ് എസ്. പി

ഡെപ്യൂട്ടി സെക്രട്ടറി

To

ഡയറക്ടർ, വിനോദ സഞ്ചാര വകുപ്പ്, പാർക്ക് വ്യൂ, തിരുവനന്തപുരം.

ചെയർപേഴ്സൺ, തൃപ്പൂണിത്തുറ നഗരസഭ (വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/ഓഡിറ്റ് II), കേരള, തിരുവനന്തപുരം.

സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം സബ് ട്രഷറി, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിന്)

കരുതൽ ഫയൽ /ഓഫീസ് കോപ്പി (TOUR-B2/252/2026-TOUR)

ഉത്തരവിൻ പ്രകാരം

Digitally signed by
Prasad R
Date: 21-08-2026
17:11:52

സെക്ഷൻ ഓഫീസർ

പകർപ്പ്:

1. വിനോദസഞ്ചാര വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
2. വിനോദസഞ്ചാര വകുപ്പ സെക്രട്ടറിയുടെ സി.എ.-യ്ക്ക്